KCF
KERALA CATHOLIC FEDERATION

**Lay Movement of**
**Kerala Catholic Bishops Council (KCBC)**
A State Level Federation:
All Kerala Catholikka Congress
Kerala Latin Catholic Association &
Malankara Catholic Association

Chairman: **Bishop Dr. Varghese Chakkalackal** Vice Chairmen: **Bishop Dr. Mathew Anikuzhikattil, Bishop Dr. Joseph Mar Thomas**

| Spiritual Advisor | President | General Secretary | Treasurer |
|---|---|---|---|
| Fr. VARGHESE VALLIKKATT | SHAJI GEORGE | MONSON K. MATHEW | Prof. JOSEKUTTY J. OZHUKAYIL |
| 9447073371 | 9447194038 | 9446011337 | 9447610201 |

Central Office: POC, Palarivattom, Kochi-25. Email: catholicfederation@gmail.com

08.08.2016

കൊച്ചി : യുഡിഎഫ് മുന്നണിയിൽ നിന്നും കേരള കോൺഗ്രസ് (എം) പുറത്തുപോകേണ്ടി വന്ന സാഹചര്യം ഒഴിവാക്കേണ്ടതായിരുന്നുവെന്ന് കേരള കാത്തലിക് ഫെഡറേഷൻ സംസ്ഥാനനിർവാഹക സമിതിയോഗം അഭിപ്രായപ്പെട്ടു. വിവിധകാരണങ്ങളാൽ കേരളത്തിൽ പിറവിയെടുത്ത പ്രാദേശികകക്ഷികളും അവചേർന്നുണ്ടാക്കിയ മൂന്നണികൾക്കും പതിറ്റാണ്ടുകളുടെ ചരിത്രമുണ്ട്. ശക്തമായ രാഷ്ട്രീയമുന്നേറ്റങ്ങളും സംഭവവികാസങ്ങളും മുന്നണിസംവിധാനങ്ങൾമൂലം കേരളത്തിൽ ഉണ്ടായിട്ടുണ്ട്. വൈവിധ്യമാർന്ന അഭിപ്രായങ്ങളിലും നിലപാടുകളിലും സമന്വയമുണ്ടാക്കി ഐക്യത്തോടെ ഒരുമിച്ചുകൊണ്ടുപോകുന്നതിലാണ് മുന്നണി രാഷ്ട്രീയത്തിന്റെ വിജയം. കോൺഗ്രസ് നേതൃത്വം കൊടുത്ത യുഡിഎഫ് മുന്നണിക്കുള്ളിൽ വേറിട്ട ശബ്ദമായി കേരള കോൺഗ്രസ് നിലകൊണ്ടു. വിശിഷ്യ കർഷകരുടെ താല്പര്യങ്ങൾ സംരക്ഷിക്കുന്നതിൽ യുഡിഎഫിനുള്ളിലെ ശക്തമായ സാന്നിദ്ധ്യമായിരുന്നു കേരള കോൺഗ്രസ്. യുഡിഎഫിൽ നിന്നുള്ള കേരള കോൺഗ്രസ് പാർട്ടിയുടെ കൊഴിഞ്ഞുപോക്ക് യുഡിഎഫിന്റെയും അതിനു നേതൃത്വം കൊടുക്കുന്ന കോൺഗ്രസിന്റെയും പ്രാദേശിക അടിത്തറ ദുർബലമാക്കുമെന്നും കെ.സി.എഫ് യോഗം വിലയിരുത്തി. ജനാധിപത്യ-മതേതര മൂല്യങ്ങളെ ശക്തിപ്പെടുത്തുന്ന നിലപാടുകളും നടപടികളുമാണ് ജനങ്ങൾ ഇന്ന് രാഷ്ട്രീയ നേതൃത്വത്തിൽ നിന്നും പ്രതീക്ഷിക്കുന്നത്. ഈ പ്രതീക്ഷകൾക്ക് മങ്ങലേല്പിക്കരുതെന്നും കെ.സി.എഫ് അഭിപ്രായപ്പെട്ടു. കെ.സി.ബി.സി ഡെപ്യൂട്ടി സെക്രട്ടറി ജനറൽ ഫാ. വർഗ്ഗീസ് വള്ളിക്കാട്ട് യോഗം ഉദ്ഘാടനം ചെയ്തു. കെ.സി.എഫ് പ്രസിഡന്റ് ഷാജി ജോർജ് അദ്ധ്യക്ഷതവഹിച്ചു. ജനറൽ സെകറട്ടറി മോൺസൺ കെ. മാത്യു, പ്രൊഫ. ജോസുകുട്ടി ജെ. ഒഴുകയിൽ, ടോമിച്ചൻ അയ്യർകുളങ്ങര, മൈക്കിൾ പി. ജോൺ, അഡ്വ. ലാലു ജോൺ, അഡ്വ. വത്സ ഫ്രാൻസിസ്, വി.സി. ജോർജുകുട്ടി, സെലിൻ സിജോ, പ്രഷീല ബാബു എന്നിവർ പ്രസംഗിച്ചു.

മോൺസൺ കെ. മാത്യു
ജനറൽ സെക്രട്ടറി
കേരള കാത്തലിക് ഫെഡറേഷൻ